**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 984** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഭൂമി ഏറ്റെടുക്കൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന കിഫ്ബി പദ്ധതികളിൽ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസംമൂലം പദ്ധതികൾ വൈകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | കിഫ്ബി പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ RFCTLARR Act 2013 പ്രകാരമാണ് നടന്നു വരുന്നത്. പ്രസ്തുത പദ്ധതികളെല്ലാം സമയബന്ധിതമായി കൈകാര്യം ചെയ്തുവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം മൂലം പദ്ധതികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം പദ്ധതികൾക്ക് വേണ്ടി പ്രത്യേക ലാന്റ് അക്വിസിഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കിഫ്ബി പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 28.02.2019 ലെ സ.ഉ(സാധാ)നം. 693/19/ ആർ.ഡി പ്രകാരം 4കിഫ്ബി യൂണിറ്റുകളും, 07.05.2020ലെ സ.ഉ(സാധാ)നം.1 716/20/ ആർ.ഡി പ്രകാരം 11 കിഫ്ബി യൂണിറ്റുകളുമുൾപ്പെടെ ആകെ 15 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. |
| (സി) | ഇത്തരം പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ പ്രവർത്തന പുരോഗതി ആനുകാലികമായി അവലോകനം നടത്തി വരുന്നതും, നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗ നിർദേശങ്ങൾ നൽകി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ